ശ്രീ. പി. എം. വർഗ്ഗീസ്: നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തിന് ഇപ്പോൾ പറഞ്ഞ സ്ഥലങ്ങളിലെ കണക്കുകൾ എല്ലാം പള്ളിക്കൂടത്തിൽ പോകുന്നവരെയാണോ സി യുടെ ഉത്തരത്തിൽനിന്നും മനസ്സിലാക്കുന്നത്. അല്ലാതെയാണോ, സ്കൂളിൽ പോകാത്ത കണക്കുകളില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ സ്കൂളിൽ പോകാത്ത കണക്കുകൾ ഇല്ലെന്നാണ് ധാരണ.

ശ്രീ. ജോസഫ്: വിദ്യാഭ്യാസത്തിനുവേണ്ടി തിരുവിതാംകൂറിൽനിന്നും ചില വാക്കുകൾ ഇംഗ്ലീഷിലെ മൊഴിയുടെ ഇൻഡ്യാഗവർമ്മെന്റിൽനിന്നും സബ്സിഡിയായിട്ടു കിട്ടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസപദ്ധതി

*൧൭൭. (൩൯) ശ്രീ. പി. കെ. കുഞ്ഞൻതരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രി ദയവു മറുപടി നൽകുമോ.—

(എ) നിർബ്ബന്ധിത പ്രാഥമികവിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിൽ, എല്ലാവരും നിയമം പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ വല്ല ഉദ്യോഗസ്ഥന്മാരെയും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരുടെ ഉദ്യോഗപ്പേരു പറയാമോ;

(സി) ഈ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) പ്രൈമറി സെക്കന്റ് മിഡിൽ സ്കൂൾസ് ഇൻസ്പെക്ടർ എന്നും സബ് ഇൻസ്പെക്ടർ എന്നും.

(സി) ഉണ്ട്.

Sri. P. S. Nataraja Pillai: May I ask, is the Attendance committee functioning all these years?

ശ്രീ. ടി. കെ. നാരായണപിള്ള: അറ്റൻഡൻസ് കമ്മിറ്റി ഇപ്പോഴും എല്ലായിടത്തും ഉദ്ദേശിതമായിട്ട് പ്രവർത്തനം നടത്തുന്നുവെന്ന് തോന്നുവാൻ പാടില്ല.

Written Answers

തൊഴിലാളികളുടെ ഉന്നമനത്തിനുള്ള പുതിയനിയമം

*൧൭൮. (൪൯) ശ്രീ. ഫിലിപ്പോസ് തോമാച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു നിലവിലുള്ള തൊഴിലാളികളുടെ ഉന്നമനത്തെ ലാക്കാക്കി എന്തെങ്കിലും പ്രത്യേക നിയമം നിലവിലുണ്ടോ?

(ബി) ഇല്ലെങ്കിൽ ഈ കുറവു പരിഹരിക്കണമെന്നു ഗവർമ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly